"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവീസ് -സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷാജി കെ നായർ ജോലിയിൽ പ്രവേശിക്കാൻ കാത്തിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം.1917/2026/LSGD തീയതി,തിരുവനന്തപുരം, 12-10-2026

പരാമർശം:- 1. ശ്രീ. ഷാജി കെ നായർ സമർപ്പിച്ച 24.11.2025 ലെ അപേക്ഷ

2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.01.2026, 07.04.2026 തീയതിയിലെ LSGD/PD/40764/2025-DEB 5 നമ്പർ കത്ത്

ഉത്തരവ്

2025 ലെ സ്ഥലംമാറ്റ ഉത്തരവിൽ തനിക്ക് തിരുവനന്തപുരം ജില്ലയിൽ സ്ഥലം മാറ്റം അനുവദിച്ചിരുന്നുവെങ്കിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ നിന്ന് 07.07.2025-ൽ റിലീവ് ചെയ്ത തനിക്ക് ജോലിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ലായെന്നും 4 മാസത്തിനുശേഷം തന്നെ കോതമംഗലം നഗരസഭയിൽ നിയമിച്ചതായും ഒഴിവ് ഇല്ലാത്തതിനാൽ ജോലിയിൽ പ്രവേശിക്കാനായി കാത്തുനിന്ന 07.07.2025 മുതൽ 17.11.2025 വരെയുള്ള കാലയളവ് ക്രമീകരിക്കണമെന്നും ശ്രീ ഷാജി കെ നായർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം 2 പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, 2025പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ച വന്ന ശ്രീ ഷാജി കെ നായർക്ക് തിരുവനന്തപുരം നഗരസഭയിലും ശ്രീ ഗണേഷ് കുമാർ കെ യ്ക്ക് കോതമംഗലം നഗസഭയിലും സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ശ്രീ ഗണേഷ് കുമാർ കെ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1139/2025 നമ്പർ കേസിലെ 30/06/2025 ലെ വിധിന്യായം പ്രകാരം സ്റ്റേ ഉള്ളതിനാൽ ശ്രീ ഷാജി കെ നായർക്ക് തിരുവനന്തപുരം നഗരസഭയിൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല. സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിന്നും ക്ലീൻ സിറ്റി മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേന ഉണ്ടായ 5 ഒഴിവുകളിലേക്കും കൊല്ലം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്ന ശ്രീ കിഷോർ എച്ച് എച്ച് ന്റെ അനധികൃത ഹാജരില്ലായ്മ മുഖേന വന്ന ഒരൊഴിവിലേക്കും കണ്ണൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്ന ശ്രീ വേലായുധൻ കെ 31/08/2025 തീയതിയിൽ വിരമിച്ച ഒരൊഴിവിലേക്കും 2025 പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിച്ചവരുടെ ഫൈനൽ കൂ ലിസ്റ്റ് പരിശോധിച്ചും അപേക്ഷ പരിഗണിച്ചും 29.09.2025, 10.11.2025 തീയതികളിലെ ഉത്തരവ് പ്രകാരം 7 ജീവനക്കാർക്ക് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സ്ഥലംമാറ്റം

അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ശ്രീ ഗണേഷ്കുമാർ ഫയൽ ചെയ്ത ഒ.എ. 1139/2025 കേസിൽ ബഹു ട്രൈബ്യൂണൽ സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ഉള്ളതിനാലും ശ്രീ ഷാജി കെ നായർക്ക് തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകിയാൽ കേസ് ദുർബലമാകാൻ സാദ്ധ്യതയുള്ളതിനാലും തിരുവനന്തപുരം നഗരസഭയിൽ ഒഴിവുണ്ടായിട്ടും ശ്രീ ഷാജി കെ നായരെ പരിഗണിച്ചിരുന്നില്ല. ശ്രീ ഷാജി കെ നായർക്ക് നാല് മാസമായി ശമ്പളം ഇല്ലാത്ത സാഹചര്യമാണെന്നും 2025 ജൂലൈയിലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ സ്ഥലംമാറ്റം അനുവദിച്ച് തരണമെന്നുള്ള ടിയാന്റെ മാതാവിന്റെ അപേക്ഷ പരിഗണിച്ചാണ് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ ഒഴിവുണ്ടായിരുന്ന ഒരേ ഒരു സ്റ്റേഷനായ കോതമംഗലം നഗരസഭയിൽ OA 1139/2025 നമ്പർ കേസിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ ശ്രീ ഷാജി കെ നായർക്ക് കോതമംഗലം നഗരസഭയിൽ 14.11.2025 ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവായത്. തുടർന്ന് കേസ് അനന്തമായി നീളുന്ന സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ വന്നിട്ടുള്ള ഒഴിവിൽ 07.03.2026 ലെ ഉത്തരവ് പ്രകാരം ശ്രീ ഷാജി കെ നായർക്ക് സ്ഥലം മാറ്റം നൽകി നിയമനം നൽകിയിട്ടുള്ളതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷാജി കെ നായർ ഒഴിവ് ഇല്ലാത്തതിനാൽ ജോലിയിൽ പ്രവേശിക്കാനായി കാത്തിരുന്ന 07.07.2025 മുതൽ 13/07/2025 വരെയുള്ള കാലയളവ് പ്രവേശന കാലമായും 14/07/2025 മുതൽ 16/11/2025 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 12(7) നോട്ട് 4 പ്രകാരം ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ ഷാജി കെ നായർ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by Sonu Jacob
Date: 13-10-2026 12:10:50
സെക്ഷൻ ഓഫീസർ